**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2406** **07-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച്.ഡി.എസ്.-ന്റെ ഏത് വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയാണ് സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച്.ഡി.എസ്-ന്റെ വാർഷിക ധനകാര്യ പത്രികകൾ സമർപ്പിക്കാത്തതിനാൽ നാളിതുവരെ ഓഡിറ്റ് നടത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത എച്ച്.ഡി.എസ്.-ന്റെ ഏത് വർഷം വരെയുള്ള വാർഷിക ധനകാര്യ പത്രികയാണ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുള്ളത്; | (ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച്.ഡി.എസ്-ന്റെ വാർഷിക ധനകാര്യ പത്രികകളൊന്നും നാളിതുവരെ ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടില്ല. |
| (സി) | ഇതുവരെ ഓഡിറ്റ് നടത്തിയിട്ടില്ലെങ്കിൽ ഓഡിറ്റ് നടത്താത്തവർക്കെതിരെ സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച്.ഡി.എസ്-ന്റെ വാർഷിക ധനകാര്യ പത്രികകൾ സമർപ്പിക്കാത്തതിനാലാണ് ഓഡിറ്റ് നടത്താത്തത്. വർഷിക ധനകാര്യപത്രിക സമർപ്പിക്കാത്തതിന് എച്ച്.ഡി.എസ്-ന് എതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) | വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചിട്ടില്ലെങ്കിൽ പ്രസ്തുത എച്ച്.ഡി.എസ്.-ന് എതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച്.ഡി.എസ്-ന്റെ വാർഷിക ധനകാര്യ പത്രികകൾ സമർപ്പിക്കാത്തതിനാലാണ് ഓഡിറ്റ് നടത്താത്തത്. വർഷിക ധനകാര്യപത്രിക സമർപ്പിക്കാത്തതിന് എച്ച്.ഡി.എസ്-ന് എതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഇ) | ഈ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം കണ്ണാശുപത്രിയിൽ എത്ര പേരെ എച്ച്.ഡി.എസ്. വഴി നിയമിച്ചിട്ടുണ്ട്; അവരുടെ പേര്, തസ്തിക, നൽകുന്ന ശമ്പളം എന്നീ വിവരങ്ങൾ നൽകാമോ? | (ഇ) | ഈ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം കണ്ണാശുപത്രിയിൽ എച്ച്.ഡി.എസ് വഴി ഒരു തസ്തികയിലും നിയമനം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ